**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 417** **10-02-2025 - ൽ മറുപടിയ്ക്ക്**

**കുറവിലങ്ങാട് താലൂക്ക് ആശുപത്രി കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി മുഖേന കുറവിലങ്ങാട് താലൂക്ക് ആശുപത്രിയുടെ കെട്ടിട നിർമ്മാണത്തിനായി ഭരണാനുമതി നൽകിയതിനെതുടർന്ന് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിച്ചുവെങ്കിലും ഏഴ് വർഷമായി ധനാനുമതി ലഭിക്കാത്തതിന് പരിഹാരം കണ്ടെത്തുന്നതിന് നടപടി സ്വകരിക്കുമോ;ഈ പദ്ധതിക്കുള്ള പ്രധാന തടസ്സം വിശദമാക്കാമോ; | (എ) | കുറവിലങ്ങാട് താലൂക്ക് ആശുപത്രിയുടെ അടിസ്ഥാന സൌകര്യ വികസന പദ്ധതി കിഫ്ബി മുഖേന നടപ്പാക്കുന്നതിനായി സർക്കാർ പുറപ്പെടുവിച്ച 24-02-2018-ലെ സ.ഉ (സാധാ) നം.627/2018/ആ.കു.വ, 02-06-2020-ലെ സ.ഉ (സാധാ) നം.627/2018/ ആ.കു.വ എന്നീ ഭരണാനുമതി ഉത്തരവുകൾ പ്രകാരം പദ്ധതി നിർവ്വഹണ ഏജൻസിയായ കേരളാ സ്റ്റേറ്റ് ഹൌസിംഗ് ബോർഡ് സമർപ്പിച്ച വിശദമായ പദ്ധതി റിപ്പോർട്ട് നിലവിൽ പരിശോധനാ ഘട്ടത്തിലാണ്.<br><br>കിഫ്ബി പുറപ്പെടുവിച്ച 08-10-2020-ലെ GM-ESG/2703/2020/KIIFB, 01-12-2023-ലെ FA-3/3310/2021/KIIFB എന്നീ സർക്കുലറുകൾ പ്രകാരമുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലും ടി പദ്ധതിയുടെ ഡിസൈൻ റിവ്യൂ ചെയ്തതിന്റെ അടിസ്ഥാനത്തിലുമുള്ള പുതുക്കിയ വിശദമായ പദ്ധതി രേഖ കിഫ്ബിയിൽ സമർപ്പിക്കുന്നതിന് 04-09-2024-ൽ പദ്ധതി നിർവ്വഹണ ഏജൻസിയായ കേരളാ സ്റ്റേറ്റ് ഹൌസിംഗ് ബോർഡിനോട് ഫയൽ മുഖാന്തിരം ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | ഈ പദ്ധതിയുടെ എസ്റ്റിമേറ്റ് ശരിയായ രീതിയിൽ സമർപ്പിക്കാത്ത എസ്.പി.വി- യെ മാറ്റി പുതിയ ഏജൻസിയെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ; ഇതു സംബന്ധിച്ച് നൽകിയ കത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (ബി) | കുറവിലങ്ങാട് താലൂക്ക് ആശുപത്രിയിലെ കിഫ്ബി പദ്ധതി ഉൾപ്പെടെ കെ.എസ്.എച്ച്.ബി പദ്ധതി നിർവ്വഹണ ഏജൻസിയായിക്കൊണ്ടുള്ള വിവിധ ആശുപത്രി വികസന പദ്ധതികളുടെ പദ്ധതി നിർവ്വഹണ ഏജൻസിയായി മറ്റേതെങ്കിലും ഏജൻസിയെ നിയോഗിക്കുന്നതിന് 12-11-2024-ലെ APR-4/2825/2023/KIIFB നമ്പർ കത്ത് പ്രകാരം ഭരണ വകുപ്പായ അരോഗ്യ കുടുംബക്ഷേമ വകുപ്പിനോട് കിഫ്ബി അഭ്യർത്ഥിച്ചിട്ടുണ്ട്. ടി ശിപാർശ സർക്കാർ തലത്തിൽ പരിശോധിച്ചുവരികയാണെന്ന് ഭരണവകുപ്പ് അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത നിർമാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; എസ്.പി.വി യെ മാറ്റി പുതിയ ഏജൻസിയെ നിയമിക്കണം എന്നാവശ്യപ്പെട്ട് കിഫ്ബി കത്ത് നൽകിയിട്ടുണ്ടോ; ആയതിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ? | (സി) | കുറവിലങ്ങാട് താലൂക്ക് ആശുപത്രിയിലെ കിഫ്ബി പദ്ധതി ഉൾപ്പെടെ കെ.എസ്.എച്ച്.ബി പദ്ധതി നിർവ്വഹണ ഏജൻസിയായിക്കൊണ്ടുള്ള വിവിധ ആശുപത്രി വികസന പദ്ധതികളുടെ പദ്ധതി നിർവ്വഹണ ഏജൻസിയായി മറ്റേതെങ്കിലും ഏജൻസിയെ നിയോഗിക്കുന്നതിന് 12-11-2024-ലെ APR-4/2825/2023/KIIFB നമ്പർ കത്ത് പ്രകാരം ഭരണ വകുപ്പായ അരോഗ്യ കുടുംബക്ഷേമ വകുപ്പിനോട് കിഫ്ബി അഭ്യർത്ഥിച്ചിട്ടുണ്ട്. ടി ശിപാർശ സർക്കാർ തലത്തിൽ പരിശോധിച്ചുവരികയാണെന്ന് ഭരണവകുപ്പ് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ